എമ്മാവൂസ്
# വചനദൂത്
Vol. VIII Issue : 66



# ശ്ലീഹാക്കാലം അഞ്ചാം ഞായർ

# ദൈവപരിപാലനയിൽ ആശ്രയിക്കുക

*ലൂക്കാ 12:16-34*

*നിയമാ. 1:33-46, ഏശയ്യാ 1:21-31, 1 കോരി. 14:1-12*

ബ്രദർ സുരേഷ് പട്ടേട്ട്

ഈശോയുടെ പ്രസംഗങ്ങളിലും പ്രബോധനങ്ങളിലും ഉപമകൾക്ക് നല്ലൊരു സ്ഥാനമുണ്ട്. ദൈവീക രഹസ്യങ്ങളെക്കുറിച്ചും ദൈവീക രാജ്യത്തെക്കുറിച്ചുമൊക്കെയുള്ള കാര്യങ്ങൾ ഒരു സാധാരണക്കാരന്റെ ജീവിതത്തിലെ അനുദിന സംഭവങ്ങളിലൂടെയും അനുഭവങ്ങളിലൂടെയും മനസ്സിലാക്കിത്തരുവാൻ ഈശോ ഉപമകളെയാണ് കൂട്ടുപിടിച്ചത്. ഇന്ന് നാം വായിച്ചുകേട്ട സുവിശേഷത്തിന് പിൻബലമായി നിൽക്കുന്നതും ഇത്തരമൊരു ഉപമായിരുന്നു. ദൈവത്തിന്റെ പരിപാലനയിലും സ്നേഹത്തിലും വിശ്വസിക്കാതെ സ്വന്തം കഴിവിലും നേട്ടത്തിലും മതിമറന്ന് അഹങ്കാരത്തോടെ ജീവിതം ക്രമപ്പെടുത്താനാഗ്രഹിച്ച ഭോഷനായ ധനികന്റെ ഉപമ. അപ്രതീക്ഷിതമായി തന്റെ കൃഷിസ്ഥലം സമൃദ്ധമായ വിളവു നൽകിയപ്പോൾ അതിൽ ദൈവകരം ദർശിക്കാനാവാതെ സ്വന്തം കഴിവിലും ശക്തിയിലും മതിമറന്നങ്ങനെയിരിക്കുമ്പോൾ ഉള്ളിന്റെയുള്ളിൽ നിന്നും ദൈവസ്വരം ഇപ്രകാരം മന്ത്രിച്ചു ഭോഷനായ മനുഷ്യാ..ഈ രാത്രി നിന്റെ ജീവൻ നിന്നിൽ നിന്നാവശ്യപ്പെട്ടാൽ നീ ഒരുക്കിവച്ചിരിക്കുന്ന ഈ സമ്പാദ്യങ്ങളത്രയും ആരുടേതാകും. ലൗകിക സമ്പത്തിന്റെ സമൃദ്ധിയിൽ മതിമറന്ന ആ മനുഷ്യന്റെ ആഹ്ലാദം അവസാനിക്കുവാൻ ഒരുപാട് സമയം വേണ്ടിയിരുന്നില്ല.

ഇന്ത്യയിലെ എക്കാലത്തെയും വലിയ കോർപ്പറേറ്റ് മുതലാളിയും അതിസമ്പന്നനുമായ മനുഷ്യനായിരുന്നു ഇന്ന് നാം കാണുന്ന റിലയൻസ് സാമ്രാജ്യത്തിന്റെ സ്ഥാപകനായ ധീരുഭായ് അംബാനി.അദ്ദേഹം തന്റെ അന്ത്യനിമിഷങ്ങളിലൂടെ കടന്നുപോവുകയാണ്. മാരകമായ രോഗം അദ്ദേഹത്തെ ബാധിച്ചിരിക്കുന്നു. യൂറോപ്പിൽനിന്നും 10 ഡോക്ടർമാരുടെ ഒരു സംഘം അദ്ദേഹത്തെ സുഖപ്പെടുത്താനും ആയുസ്സ് അൽപ്പം കൂടി നീട്ടിയെടുക്കാനും കിണഞ്ഞു പരിശ്രമിക്കുകയാണ്. പക്ഷേ ബന്ധുക്കളും വേണ്ടപ്പെട്ടവരും വൈദ്യശാസ്ത്രവുമൊക്കെ നോക്കിനിൽക്കെ ആ അതിസമ്പന്നനായ മനുഷ്യൻ മിഴിയടച്ച് ആരോടും ഒന്നും ഉരിയാടാതെ തന്റെ സാമ്രാജ്യങ്ങൾ കൈവിട്ട് മടങ്ങിപ്പോവുകയാണ്.

വീണ്ടും അവിടുന്ന് ശിഷ്യരോട് അരുളിച്ചെയ്തു അതിനാൽ ഞാൻ നിങ്ങളോടു പറയുന്നു: എന്തു ഭക്ഷിക്കും എന്ന് ജീവനെപ്പറ്റിയോ എന്തു ധരിക്കും എന്ന് ശരീരത്തെപ്പറ്റിയോ നിങ്ങൾ ആകുലരാകുന്നതുകൊണ്ട് ആയുസ്സിന്റെ ദൈർഘ്യം ഒരുമുഴം കൂടി നീട്ടാൻ നിങ്ങളിൽ ആർക്കും

സാധിക്കും? (ലൂക്കാ. 12:22 – 25) മുമ്പ് നാം കണ്ട ഭോഷനായ ധനികന്റെ ഉപമയിൽ ദൈവം ആ മനുഷ്യന്റെ ആത്മാവിനോട് ചോദിച്ച ചോദ്യം വിവരിച്ച ശേഷം ഉത്തരത്തിനു കാത്തുനിൽക്കാതെ നമ്മോട് പറഞ്ഞു തരുന്ന മനോഹരമായ പാഠമാണ് "ഉത്കണ്ഠാകുലരാവേണ്ട" ഭക്ഷണത്തെപ്പറ്റിയോ, വസ്ത്രത്തെപ്പറ്റിയോ ജീവനെപ്പറ്റിയോ ഒന്നും ഉത്കണ്ഠവേണ്ട എന്നത്. കാരണം ഒരു വീട്ടിൽ തന്റെ മക്കളുടെ ആവശ്യങ്ങൾ കണ്ടറിഞ്ഞ് അവ നിറവേറ്റുന്ന ഒരു അപ്പനെയും അമ്മയെയും പോലെ, സ്വർഗ്ഗസ്ഥനായ പിതാവും അവിടുത്തെ മക്കളായ നമ്മുടെ ആവശ്യങ്ങൾ കണ്ടറിഞ്ഞ് അവ നിറവേറ്റിത്തരുന്നതിൽ സദാ തല്പരനാണ് എന്ന സത്യമാണ് ഈശോ ഇവിടെ നമ്മോട് പങ്കുവയ്ക്കുന്നത്. കൂടുതൽ വ്യക്തമാക്കിത്തരുവാനായി പ്രകൃതിയിൽനിന്നും നമുക്ക് ഏറെ സുപരിചിതമായ കാഴ്ചകൾ എടുത്തുവയ്ക്കുന്നു. അതേ ഇത്തവണ ഈശോയുടെ പഠനത്തിനുപാധിയായി ത്തീർന്നത് ആകാശത്തിലെ പക്ഷികളും വയലിലെ പൂക്കളുമാണ്. ആകാശത്തിലെ പക്ഷികളെ ചൂണ്ടിക്കാട്ടി അവിടുന്ന് പറയുന്നു. ശ്രമകരമായ രീതിയിൽ അധ്വനിക്കുകയോ ഭാവിയെക്കുറിച്ച് ചിന്തിച്ച് ക്ലേശിക്കുകയോ ചെയ്യാത്ത ഈ പക്ഷികൾ അനുദിന ജീവിതത്തിൽ ഒന്നിനും കുറവില്ലാത്തവിധം പരിപാലിക്കപ്പെടുന്നു. ഇനി, വയലിലെ പൂക്കളാവട്ടെ സ്വയം ഉടുത്തൊരുങ്ങുവാൻ വസ്ത്രങ്ങളോ, ശരീരത്തെ മനോഹരമാക്കുവാൻ കോസ്റ്റ്യൂംസോ ഒന്നും ഉപയോഗിക്കാതെ തന്നെ മഹത്വപ്രതാപവാനും സൗന്ദര്യത്തിനും പ്രശസ്തിക്കും പേരുകേട്ടവനുമായ സോളമൻ രാജാവിനേക്കാൾ അവ അലങ്കരിക്കപ്പെട്ടിരിക്കുന്നു എന്ന് ഈശോ പഠിപ്പിക്കുന്നു. ഈശോ തുടർന്നു പറയുന്ന വചനം ശ്രദ്ധേയമാണ്. "ഇന്നുള്ളതും നാളെ തീയിലെറിയപ്പെടുന്നതുമായ വയലിലെ പുല്ലിനെ ദൈവം ഇത്രമാത്രം അണിയിക്കുന്നെങ്കിൽ അൽപ വിശ്വാസികളെ നിങ്ങളെ അത്രയധികം അണിയിക്കുകയില്ലേ. നിങ്ങൾ അവിടുത്തെ രാജ്യം അന്വേഷിക്കുവിൻ, ഇവയെല്ലാം അതോടൊപ്പം നിങ്ങൾക്ക് ലഭിക്കും (12:28 – 31). നമ്മുടെ ജീവിതത്തിന്റെ ആരംഭനാളുകളിലേക്ക് നമ്മുടെ ഓർമ്മകളെ ഒന്നുകൊണ്ടുപോകാം. കുഞ്ഞുങ്ങളായിരുന്നപ്പോൾ നമ്മുടെ അപ്പച്ചന്റെയും അമ്മയുടെയും സംരക്ഷണയിൽ കഴിഞ്ഞിരുന്ന നാളുകൾ എത്ര മനോഹരമായിരുന്നു. അപ്പച്ചനും അമ്മയും സഹോദരങ്ങളും കൂടെയുണ്ടെങ്കിൽ എവിടെയായിരുന്നാലും ആരോക്കെ നമ്മെ ഭയപ്പെടുത്തിയാലും എവിടെ പോകുവാനും നമുക്ക് ഭയമില്ല. പിന്നീട് ബാല്യകാലവും പിന്നിട്ട് വളരുംതോറും മാതാപിതാക്കളുടെ സംരക്ഷണയിൽനിന്ന് പതിപ്പതിയെ അകലാൻ തുടങ്ങിയപ്പോൾ മുതൽ യൗവനത്തിന്റെ ചോരത്തിളപ്പിൽ ഞാൻ എന്റെ സ്വന്തം ശക്തിയെ പ്രദർശിപ്പിക്കുവാനും ആ ശക്തിയിൽ അഹങ്കരിക്കുവാനും ആരംഭിച്ചു. ഇപ്രകാരം സ്വന്തം ശക്തിയിൽ ആശ്രയിക്കുവാൻ പ്രാപ്തരായപ്പോൾ മുതൽ അതുവരെ സ്നേഹിച്ചും ശാസിച്ചും ത്യാഗങ്ങൾ സഹിച്ചും തോളിലേറ്റി വളർത്തിയ മാതാപിതാക്കളെ അവഗണിച്ച് അവരെ നമ്മുടെ ജീവിതത്തിൽനിന്നും മാറ്റിനിർത്തുന്ന അവസ്ഥയെ ഇന്ന് ദൈവപരിപാലനയിൽ ആശ്രയിക്കാത്ത മനുഷ്യന്റെ ജീവിതത്തോട് ഉപമിക്കാം എന്ന് വചനം ഓർമ്മിപ്പിക്കുന്നു.

ഒരു നിമിഷം നമ്മുടെ ജീവിതത്തെ ഒന്നു വിശകലനം ചെയ്തുനോക്കാം.

നമ്മുടെ ജീവിതത്തിൽ ദൈവത്തിന് നാം അർഹമായ സ്ഥാനം നൽകിയിട്ടുണ്ടോ? എന്റെ ജീവിതത്തിന്റെ നിസ്സഹായാവസ്ഥകളിൽ എനിക്കെത്രമാത്രം സ്നേഹമായിരുന്നു എന്റെ ദൈവത്തോട്.. സഹായിക്കാൻ ആരുമില്ലാതിരുന്ന അവസ്ഥകളിൽ ദൈവതിരുമുമ്പിൽ ഞാൻ താഴ്മയോടെ കരങ്ങളുയർത്തി...എന്നാൽ ഇന്ന് എനിക്ക് എല്ലാവിധത്തിലും എല്ലാവരുടേയും മുമ്പിൽ അഭിമാനത്തോടെ തലയുർത്തി നിൽക്കാൻ സാധിക്കുന്നു. അതിന്റെ കാരണം എനിക്ക് അനുഗ്രഹങ്ങൾ വാരിക്കോരിത്തന്ന എന്റെ ദൈവമാണെന്ന് ഉറച്ച വിശ്വാസത്തോടെ ഏറ്റുപറയുവാൻ എനിക്കും നിങ്ങൾക്കും സാധിക്കുന്നുണ്ടോ?

അതെ രണ്ടു കാര്യങ്ങൾ ഇന്നിന്റെ സുവിശേഷം നമ്മെ പഠിപ്പിക്കുന്നു.

ഒന്നാമതായി ദൈവത്തിന്റെ മുമ്പിൽ ഏറെ വിലയുള്ളവരാണ് നാം ഓരോരുത്തരും (12:24).പക്ഷികളേക്കാൾ എത്രയോ വിലപ്പെട്ടവരാണ് നിങ്ങൾ" – സ്വന്തം വിലയെപ്പറ്റിയുള്ള അവബോധം ഒരാളെ ഏറെ ശക്തനാക്കും. അതിനാൽ സ്വന്തം വില തിരിച്ചറിയുക. അപ്പോൾ ഭയമകലും ആകുലതകൾ കുറയും ശരീരത്തിനും മനസിനും ബലം വർദ്ധിക്കും.

രണ്ടാമതായി വചനം നൽകുന്ന പാഠം എന്തിലാണ് നമ്മുടെ വില അടങ്ങിയിരിക്കുന്നത് എന്നതിലാണ്. അത് മറ്റൊന്നിലുമല്ല ദൈവം നമ്മുടെ പിതാവാണ് എന്നതിലാണ്. ദൈവത്തിന്റെ മക്കളെന്ന നിലയിൽ ദൈവരാജ്യത്തിന്റെ അവകാശികളെന്ന നിലയിൽ അരൂപിയാൽ നയിക്കപ്പെടുന്ന ശക്തനായ ഒരു പിതാവ് എനിക്കുണ്ടെന്ന വിശ്വാസത്താൽ കരുത്തുറ്റ ഒരു മുന്നേറ്റമാണ് ദൈവം നാം ഓരോരുത്തരിൽനിന്നും ആവശ്യപ്പെടുന്നത്. അവിടെ എന്റെ സ്വകാര്യ സമ്പാദ്യത്തിനോ സ്വന്തം നേട്ടങ്ങൾക്കോ ഒരു സ്ഥാനവുമില്ല. ഞാൻ ആശ്രയമില്ലാത്തവനാണ്, സ്വന്തമായി ഒന്നുമില്ലാത്തവനാണ് എന്ന വ്യർത്ഥമായ നഷ്ടബോധത്തിനു സ്ഥാനമില്ല.

തലയിൽ ചുമടുമായി നടന്നുപോകുന്ന ഒരു കുട്ടിയോട് ഒരാൾ ചോദിച്ചു "ഇത്രയും ഭാരം ചുമക്കാൻ കുട്ടിക്കു കഴിയുമോ? അൽപം ഭാരം കുറച്ചുതരാൻ പറയൂ". കുട്ടി മറുപടി പറഞ്ഞു "ഇത് എന്റെ തലയിൽവച്ചുതന്നത് എന്റെ അപ്പച്ചനാണ്. എനിക്കെത്ര ഭാരം ചുമക്കാൻ പറ്റുമെന്ന് അപ്പച്ചന് നന്നായറിയാം. അതിൽ കൂടുതൽ ഒരിക്കലും അപ്പച്ചൻ എനിക്ക് തരില്ല." നമ്മുടെ ദുഖഃദുരിതങ്ങളിൽ വേദനകളിലും പ്രതിസന്ധി ഘട്ടങ്ങളിലും ഇങ്ങനെയുള്ള ചിന്തകൾ വച്ചുപുലർത്താൻ സാധിച്ചാൽ നാം വിജയിച്ചു.

പിതാവിൽ വിശ്വസിച്ച്, പിതാവു തനിക്കുവേണ്ടി ഒരുക്കിയതെല്ലാം സന്തോഷത്തോടെ സ്വീകരിച്ച ഈശോയുടെ ജീവിതം നമുക്കൊരുത്തമ മാതൃകയാണ്. ഈശോ തനിക്ക് പിറക്കാൻ ഇടവും താമസിക്കാൻ വീടും മരിക്കാൻ കിടക്കയും സംസ്കരിക്കപ്പെടാൻ കല്ലറയും അന്വേഷിച്ചില്ല. എങ്കിലും അവിടുത്തേയ്ക്ക് പിറക്കാൻ കാലിത്തൊഴുത്തും താമസിക്കാൻ നസ്രേത്തിലെ കുടിലും മരിക്കാൻ ശത്രുക്കളുടെ കുരിശും സംസ്കരിക്കപ്പെടാൻ അന്യന്റെ കല്ലറയും ദൈവം ഒരുക്കി. പൂർവ്വപിതാവായ അബ്രഹാമിനോട് സ്വന്തമായുണ്ടായിരുന്നതെല്ലാം ഉപേക്ഷിച്ച് താൻ കാണിച്ചുതരുന്ന നാട്ടിലേയ്ക്ക് പുറപ്പെടാൻ പറഞ്ഞപ്പോൾ ദൈവസ്വരത്തിന് കാതോർത്ത് ഇറങ്ങിത്തിരിച്ച അബ്രഹാമിനെ ദൈവം അനന്തമായി കാത്തുപരിപാലിച്ചില്ലേ, ഈ മരമണ്ടന് ദൈവശാസ്ത്രം പഠിക്കാനോ വൈദീകനാകാനോ സാധിക്കയില്ലെന്ന് അധികാരികൾ വിധിയെഴുതിയിട്ടും ദൈവപരിപാലനയിൽ ആശ്രയിച്ച ജോൺവിയാനിയെ ഈശോ തന്റെ പൗരോഹിത്യ പദവയിൽ പങ്കുചേർത്തു. ഇതുപോലെ എത്രയെത്ര ഉദാഹരണങ്ങൾ ചരിത്രത്തിൽ നമുക്ക് കണ്ടെത്താം. ഇപ്രകാരം വാഗ്ദാനങ്ങളിൽ വിശ്വസ്തനായ ദൈവം നമ്മെയും സഹായിക്കും.

ജീവിതം സുഖസമൃദ്ധിയിൽ നിറയുമ്പോഴും ദുഃഖത്തിന്റെയും വേദനയുടെയും നേരത്തും കാരുണ്യവാനായ ദൈവത്തിൽ ആശ്രയിച്ചുകൊണ്ട് അവിടുത്തെ പദ്ധതിയനുസരിച്ച് വിളിക്കപ്പെട്ടവർക്ക് അവിടുന്ന് എല്ലാം നന്മയ്ക്കായി പരിണമിപ്പിക്കും എന്ന ഉത്തമ ബോധ്യത്തിൽ വളരുവാൻ നല്ലദൈവം നമ്മെ എല്ലാവരെയും അനുഗ്രഹിക്കട്ടെ.

*"അനുനിമിഷം എന്നെ പിന്തുടർന്നിരുന്ന ദുഃഖങ്ങളുടെ വികൃതമായ കരിനിഴൽ എന്നെ രക്ഷിക്കുവാൻ ദൈവം ഉയർത്തിയ കരങ്ങളായിരുന്നു"*

***വി. ഫ്രാൻസീസ് തോംസൺ***